**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2895** 12.10.2011- ൽ മറുപടിയ്ക്ക്

**കരാർ കൃഷി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. അൻവർസാദത്ത്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. കെ.പി. മോഹനൻ<br>(ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കരാർ കൃഷി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | എ) ഉണ്ട്. സംസ്ഥാനത്ത് തരിശു കിടക്കുന്ന കൃഷി ഭൂമികൾ കണ്ടെത്തി ഭൂമിയുടെ ഉടമകളെയും, ആയത് കൃഷിയിറക്കാൻ താൽപ്പര്യമുള്ള സന്നദ്ധ സംഘങ്ങൾ, കർഷകർ എന്നിവരെ കൃഷി ഭവൻ തലത്തിൽ യോജിപ്പിച്ച് കൃഷിയോഗ്യമാക്കുന്നതിനും ഇതിലൂടെ കൂടുതൽ ഭൂമിയിൽ കൃഷിയിറക്കുവാനുമാണ് ലക്ഷ്യമിടുന്നത്. |
| ബി) ഇതിനായി എന്തെല്ലാം നടപടി കളാണ് കൈക്കൊള്ളാനുദ്ദേശി ക്കുന്നത് ; | ബി) ആവശ്യമായ അടിസ്ഥാന നടപടി ക്രമങ്ങൾ, വായ്പാ സൗകര്യം, ഉൽപ്പാദനോപാധികളുടെ ലഭ്യത, വിപണന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതാണ്. കൃഷി ഭവനുകളിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ ഏകോപന പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ആയിരിക്കും നിർവ്വഹിക്കുന്നത്. ഈ രീതിയിലുള്ള ഒരു പുതിയ പദ്ധതിയ്ക്ക് രൂപം നൽകിവരുന്നു. |
| സി) ഇതു നടപ്പാക്കുന്നതിന് കേന്ദ്രവുമായി ചർച്ച നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;<br>ഡി) കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്തായിരുന്നു എന്നറിയിക്കാമോ ; | സി) & ഡി) കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| ഇ) | ഓരോ ജില്ലയിലെയും ഒരു പഞ്ചായത്തിലെങ്കിലും സ്വാശ്രയ സംഘങ്ങൾക്ക് മുൻഗണന നൽകി ഇതു നടപ്പാക്കാൻ ശ്രമിക്കുമോ? | ഇ) | പദ്ധതിക്കായി കൈക്കൊള്ളേണ്ടുന്ന നടപടികളുടെ അന്തിമ രൂപം ആയിട്ടില്ല. |
| എഫ് | ഇതിന് നബാർഡിന്റെ സഹായം തേടാനുദ്ദേശിക്കുന്നുണ്ടോ? | എഫ്) | |

സെക്ഷൻ ഓഫീസർ